"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ധനകാര്യ(എസ്.എഫ്.സി-ബി) വകുപ്പ്
Email id : ssp.keralafinance@gmail.com
Phone No : 0471-2518909

നമ്പർ(2247085)എസ്.എഫ്.സി-ബി2/113/2022-ധന

തിരുവനന്തപുരം
23-05-2025

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യവകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
വിവിധ ക്ഷേമനിധി ബോർഡുകൾ

സർ,

വിഷയം:- ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷനുള്ള വാർഷിക മസ്റ്ററിംഗ് നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. 28.03.2023 ലെ സ.ഉ.(കൈ)നം.58/2023/ധന ഉത്തരവ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2024 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ 25.06.2025 മുതൽ 24.08.2025 വരെയുള്ള കാലയളവിനുള്ളിൽ വാർഷിക മസ്റ്ററിംഗ് പൂർത്തിയാക്കേണ്ടതാണെന്ന് അറിയിക്കുന്നു . ഈ സാഹചര്യത്തിൽ 25.06.2025 മുതൽ 24.08.2025 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം എല്ലാ ഗുണഭോക്താക്കളേയും അറിയിക്കുന്നതിനും കാര്യക്ഷമമായ മസ്റ്ററിംഗ് ഉറപ്പുവരുത്തുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും നിർദേശിക്കുന്നു.

മസ്റ്ററിംഗിനുള്ള അംഗീകൃത സർവ്വീസ് ചാർജ്ജ് ഗുണഭോക്താക്കൾ തന്നെ ബന്ധപ്പെട്ട അക്ഷയ കേന്ദ്രത്തിനു നൽകേണ്ടതാണ്.

മസ്റ്ററിംഗ് പുരോഗതി ആഴ്ച തോറും അവലോകനം ചെയ്യേണ്ടതും സമയബന്ധിതമായി മസ്റ്ററിംഗ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ യഥാസമയം തന്നെ സ്വീകരിക്കേണ്ടതുമാണ്. ആഴ്ച തോറുമുള്ള പുരോഗതി റിപ്പോർട്ട് ധനകാര്യ വകുപ്പിനെ സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
AMBILI S S
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

**Signed by Mini B S**
**Date: 24-05-2025 10:00:20**

സെക്ഷൻ ഓഫീസർ.

**മേലെഴുത്ത് LWHO/37/2024-E3**

വിഷയം: കേരള സംസ്ഥാന ഭാഗ്യക്കുറി ഏജൻ്റുമാരുടെയെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് - സാമൂഹ്യ സുരക്ഷാ പെൻഷനുള്ള വാർഷിക മസ്റ്ററിംഗ് സംബന്ധിച്ച്.

സൂചന: 1. 23-05-2025 ലെ ധനകാര്യ എസ്.എഫ്.സി-ബി2/113/2022-ധന. നമ്പർ (2247085) നമ്പർ കത്ത്.

സർ,

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2024 ഡിസംബർ 31 വരെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ക്ഷേമനിധി ഏജൻ്റുകൾക്ക് വാർഷിക മസ്റ്ററിംഗ് പൂർത്തിയാക്കാൻ 25.06.2025 മുതൽ 24.08.2025 വരെ സമയം അനുവദിച്ചുകൊണ്ട് സൂചനപ്രകാരം ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകളിൽ നിന്നും 2024 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ ഗുണഭോക്താക്കളെയും വാർഷിക മസ്റ്ററിംഗ് നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ക്ഷേമനിധി ഓഫിസർമാർ ശ്രദ്ധ പുലർത്തേണ്ടതാണ്. ( ടി വിവരം പത്രമാധ്യമങ്ങൾ മുഖേനയും, നോട്ടീസ് ബോർഡ് മുഖേനയും, ട്രേഡ് യൂണിയനുകൾ മുഖേനയും, ഫോൺ മുഖാന്തിരമോ എല്ലാ ഗുണഭോക്താക്കളെയും അറിയിക്കേണ്ടതാണ്)

വിശ്വസ്തതയോടെ,

Sd/-

**സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ**